(ബി) തദ്ദേശഭരണസ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ സംബന്ധിച്ചു പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് തദ്ദേശഭരണവകുപ്പാണ്. ഇതിനുവേണ്ട സഹായങ്ങൾ അതായത് സോഫ്റ്റ്വെയർ തയ്യാറാക്കുക, വിന്യസിക്കുക, പരിശീലനപരിപാടികൾ തയ്യാറാക്കുക, സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിനും പരിപാലിക്കുന്നതിനുവേണ്ട സഹായങ്ങൾനൽകുക എന്നിവചെയ്യുന്നത് ഇൻഫർമേഷൻ കേരള മിഷനാണ്. ഐ.കെ.എം.-ന്റെ പ്രവർത്തനങ്ങൾ എല്ലാമാസവും അവലോകനംചെയ്ത് വേണ്ടനിർദ്ദേശങ്ങൾ നൽകുന്നതിന് തദ്ദേശഭരണവകുപ്പിലെ ഉദ്യോഗസ്ഥരും തദ്ദേശഭരണ സ്ഥാപനങ്ങളിലെ മേധാവികളുടെ പ്രതിനിധികളും അടങ്ങിയ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

പഞ്ചായത്ത് റോഡുകളുടെ നിർമ്മാണം

112 (1582) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളെ ഒറ്റ യൂണിറ്റായി കണ്ട് പഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡുകളുടെ പണി വർഷംതോറും ചെയ്യുന്നതിനുപകരം അഞ്ചുവർഷത്തേക്കുള്ള പദ്ധതി ഒരുമിച്ച് തയ്യാറാക്കുന്ന സംവിധാനത്തെ കുറിച്ച് ആലോചിക്കുമോ ;

(ബി) റോഡ് പണിക്കായുള്ള ഫണ്ട് വാർഡുതലത്തിൽ പങ്കുവച്ച് നൽകുന്ന രീതിക്ക് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് ആലോചിക്കുമോ ;

(സി) പഞ്ചായത്ത് റോഡുകളുടെ നിർമ്മാണത്തിൽ ഉണ്ടാകുന്ന ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പരിശോധനാ സംവിധാനം ഇപ്പോൾത്തന്നെ നിലവിലുണ്ട്. കൂടാതെ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗവും പരിശോധന നടത്തുന്നുണ്ട്.

അങ്കണവാടി വർക്കർമാർ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിന് വിലക്ക്

113 (1583) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കണവാടി വർക്കർമാർ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് വിലക്കിക്കൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

മൽസരിക്കുന്നതിന് സർക്കാർ, തദ്ദേശഭരണ സ്ഥാപനങ്ങൾ മുതലായവയിലെ ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടേയും അയോഗ്യത, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 30-ാം വകുപ്പിലും, കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 86-ാം വകുപ്പിലും പ്രതിപാദിക്കുന്നു. പാർട്ട്ടൈം ജീവനക്കാരും, ഓണറേറിയം കൈപ്പറ്റുന്നവരും മേൽ വകുപ്പുകളുടെ ആവശ്യത്തിലേക്കായി ജീവനക്കാരായി കരുതപ്പെടേണ്ടതാണെന്ന വിശദീകരണം ഉൾപ്പെടുത്തി, മറ്റു കാര്യങ്ങളുടെ കൂട്ടത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 30-ാം വകുപ്പിലും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 86-ാം വകുപ്പിലും യഥാക്രമം 2010-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസ്, 2010-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് എന്നിവ മുഖേന വരുത്തിയ നിയമഭേദഗതി പ്രകാരമാണ് ഓണറേറിയം കൈപ്പറ്റുന്നവർ എന്ന നിലയിൽ അങ്കണവാടി ജീവനക്കാർ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അയോഗ്യരായത്.

ഭേദഗതി ഓർഡിനൻസുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

തെരുവ് നായശല്യം ഇല്ലാതാക്കാൻ നിയമം

114 (1584) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : , താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തെരുവ് നായ്ശല്യം ഇല്ലാതാക്കാൻ കേന്ദ്രം നിയമനിർമ്മാണം നടത്തണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) തെരുവുനായ്ക്കളെ ഇല്ലാതാക്കുന്നതു സംബന്ധിച്ച് സുപ്രീം കോടതി എന്തൊക്കെ നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത് ;

(സി) ഇക്കാര്യത്തിൽ ആവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിന് സംസ്ഥാന സർക്കാരിന് എന്തൊക്കെ പരിമിതികളാണുള്ളത് എന്നറിയിക്കുമോ ;

(ഡി) സംസ്ഥാനത്തെ തെരുവുനായ്ക്കളെ വന്ധ്യംകരണ ശസ്ത്രക്രിയ നടത്തുവാനുള്ള പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ ഫയൽചെയ്ത SLP (C) No. 691/2009-ലെ ഇടക്കാല വിധിപ്രകാരം ബഹു. സുപ്രീം കോടതി തെരുവുനായ്ക്കളെ കൊല്ലുന്നത് തടഞ്ഞിരിക്കുകയാണ്. മൃഗങ്ങളോടുള്ള ക്രൂരതയും നായ്ക്കളെ കൊല്ലുന്നതും Prevention of Cruelty to Animal Act 1982 പ്രകാരവും ഭരണഘടന അനുസരിച്ചും ശിക്ഷാർഹമായ കുറ്റങ്ങളാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly